എം.ഐ.ടി.യു.പി സ്കൂൾ പി.വെമ്പല്ലൂർ
പി.ഒ. പി.വെമ്പല്ലൂർ-680671



# അക്കാദമിക് മാസ്റ്റർ പ്ലാൻ-2025-26



AnyScanner

# ആമുഖം

ഉപജില്ലയിലെ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന യുപി വിദ്യാലയമാണ് എം ഐ ടി യു പി സ്ക്കൂൾ പി വെമ്പല്ലൂർ. വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും ഉയർന്ന നിലവാരമുള്ള വിദ്യഭ്യാസം നൽകുക, അവരെ അറിവുള്ളവരും കഴിവുള്ള വരും, ഉത്തരവാദിത്തമുള്ളവരും സമൂഹത്തിന് സംഭാവന നൽകാൻ പ്രാപ്തരുമായ വ്യക്തികളാക്കുക എന്ന ഉദ്ദേശ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിന് രൂപം നൽകിയത്.

## കാഴ്ച്ചപ്പാട്

- എല്ലാ കുട്ടികളും പഠിക്കാനും വളരാനും പ്രാപ്തരാണെന്ന് ഞങ്ങൾ വിശ്വസി ക്കുന്നു.
- ഓരോ കുട്ടിക്കും പൂർണ്ണമായ സാധ്യത തേടാൻ അവസരങ്ങൾ നൽകണം.
- വിദ്യഭ്യാസം ഒരു ജീവിതകാല പ്രക്രിയയാണ്. അത് സ്വയം പഠിക്കാനും മാറ്റ ത്തിനനുസരിച്ച് പൊരുത്തപ്പെടാനും കുട്ടികളെ പ്രാപ്തരാക്കണം.
- ഒരു സഹകരണ സ്ക്കൂൾ സമൂഹം സൃഷ്ടിക്കേണ്ടത് പ്രധാനമാണ്. അവിടെ വിദ്യാർത്ഥികൾ, മറ്റ് സമൂഹാംഗങ്ങൾ എന്നിവർ പരസ്പരം പഠിക്കുകയും വള രുകയും ചെയ്യുന്നു.

AnyScanner

## ലക്ഷ്യങ്ങൾ - ഹ്യസ്വകാലം

- എല്ലാ വിദ്യാർത്ഥികളും സംസ്ഥാനമാനദണ്ഡങ്ങൾക്ക് അനുസൃതമായി വായന, ഗണിതം, ശാസ്ത്രം എന്നിവയിൽ പ്രാവിണ്യം നേടുമെന്ന് ഉറപ്പാക്കുക.
- സുരക്ഷിതവും ആരോഗ്യകരവുമായ വിദ്യാലയ അന്തരീക്ഷം ഉറപ്പ് നൽകുക.
- എല്ലാ കുട്ടികൾക്കും വായിക്കാനും എഴുതാനുമുള്ള ശേഷി ഉറപ്പ് വരുത്തും.
- മലയാളം, ഇംഗ്ലീഷ്, ഹിന്ദി, അറബി, സംസ്കൃതം, ഉറുദു എന്നീ ഭാഷകളിൽ അതത് ക്ലാസനുസരിച്ച് ആശയ വിനിമയം നടത്താനുള്ള ശേഷി വളർത്തൽ.
- കുട്ടികളുടെ കായികപരമായ കഴിവുകൾ കണ്ടെത്തിപരിപോഷിപ്പിക്കും.
- കലാപരവും സർഗപരവുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കും
- ഐ സി ടി സാധ്യതകൾ വേണ്ടവിധം പ്രയോജനപ്പെടുത്തും.
- സർഗ്ഗാത്മക കഴിവുകൾ അവതരിപ്പിക്കുന്നതിനും മറ്റും റിക്രിയേഷൻ ഏരിയ സ്ഥാപിക്കും
- സ്വതന്ത്രവായന പ്രോത്സാഹിപ്പിക്കും.
- LSS,USS Schorship പരീക്ഷൾക്ക് പരിശീലനം നൽകും?
- ഇംഗ്ലീഷ് ഭാഷകളിൽ പ്രാവിണ്യം നേടുന്നതിനായി പ്രത്യേകമായി ഗ്രാമർ ക്ലാസ്സുകൾ സംഘടിപ്പിക്കും.
- Communicative ഇംഗ്ലീഷിന് പ്രാധാന്യം നൽകും.
- സംഗീത ശിൽപം, നാടകം, നീന്തൽ പരിശീലനം, കരാട്ടെ തുടങ്ങിയ ഇനങ്ങളിൽ അഭിരുചിക്കനുസരിച്ച് പരിശീലനം നൽകും.
- സ്വതന്ത്ര എഴുത്തിന് പ്രോത്സാഹനം നൽകും.
- ഹ്യസ്വകാല പച്ചക്കറിവിളകൾ, പൂകൃഷി തുടങ്ങിയവക്ക് സൗകര്യമൊരുക്കും.
- ഓരേ വിദ്യാർത്ഥികളുടെയും പൂർണ്ണവിവരങ്ങൾ ഉൾപ്പെടുത്തിയ എന്റെ കൂട്ടി Data collection പൂർത്തീകരിക്കും.
- രക്ഷിതാക്കൾക്കും കുട്ടികൾക്കും പ്രേത്യേകമായി ബോധവത്കരണ ക്ലാസ്സ് നടത്തും.
- വിവിധ ഭാഷകളിലുള്ള അസംബ്ലി നടത്തും
- ടാലന്റ് ലാബുകൾ കാര്യക്ഷമമാക്കും, കല, കായികം, പ്രവർത്തി പരിചയം എന്നീ മേഖലകളിൽ കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തും.
- ലഭ്യമായ വിദഗ്ധരെ പരിശീലനത്തിന് നിയോഗിക്കും

AnyScanner

## ദീർഘകാലം

- വിദ്യാലയത്തിന്റെ മുൻഭാഗം ആകർഷകമായ രീതിയിൽ പൂന്തോട്ടം നിർമ്മിക്കും.
- ഔഷധ സസ്യതോട്ടം നിർമ്മിക്കും.
- ഉപയോഗ ശൂന്യമായി കിടക്കുന്നു ഗ്രൗണ്ടിന്റെ തെക്ക് പടിഞ്ഞാറ് ഭാഗം മണ്ണിട്ട് നികത്തി ഫുട്ബോൾ, വോളിബോൾ, ബാഡ്മിന്റൺ കോർട്ടുകൾ നിർമ്മിക്കും
- സോളർ പാനൽ സ്ഥാപിക്കും.
- എല്ലാ കുട്ടികൾക്കും ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കാൻ കഴിയുന്ന Dining hall നിർമ്മിക്കും.
- നവീന രീതിയിലുള്ള ശാസ്ത്രലാബ് സ്ഥാപിക്കും.
- വ്യായാമം ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ സ്ഥാപിക്കും.

കുടുംബഘടനയിലും, ജീവിത രീതിയിലും വന്ന മാറ്റങ്ങൾമൂലം കുട്ടികളിലുണ്ടാകുന്ന മാനസീക പ്രശ്നങ്ങൾ, ലൈഗീക വിദ്യഭ്യാസം ലഭ്യമാക്കൽ, പഠന പിന്നോക്കാവസ്ഥ, സ്വഭാവ വൈകൃലങ്ങൾ തുടങ്ങിയ പരിഹരിക്കുന്നതിനായി കൗൺസിലിംഗ് സെന്റർ സ്ഥാപിക്കും.

AnyScanner

1943 ൽ വലപ്പാടുകാരനായ വി.എം. അഹമ്മദ്കുട്ടി മാസ്റ്ററാണ് പുന്നിലത്ത് അഹമ്മദുണ്ണി നൽകിയ സ്ഥലത്ത് എയ്ഡഡ് മാപ്പിള ഗേൾസ് എൽ.പി. സ്കൂൾ തുടങ്ങുന്നത്. ആദ്യത്തെ ഹെഡ്മാസ്റ്ററും മാനേജരും സ്ഥാപകനായ അഹമ്മദ്കുട്ടി മാസ്റ്റർ തന്നെയായിരുന്നു. പടിയത്ത് കർക്കിടകവള്ളിയിൽ കൊച്ചുമൊയ്തീൻ മൊല്ലാക്ക ഖുർ-ആൻ പഠിപ്പിച്ചിരുന്നു. തുടർന്ന് സർക്കാർ സഹായത്തോടുകൂടി സ്കൂൾപഠനം ആരംഭിക്കുകയും ഒരു പിരീഡ് മതപഠനത്തിനായി എടുക്കുകയും ചെയ്തു.

1946 ൽ അഹമ്മദ്കുട്ടി മാസ്റ്റർ നിലവിലുള്ള അധ്യാപകരെ ഉത്തരവാദിത്വം ഏൽപ്പിച്ചുകൊണ്ട് സ്ഥാപനം കൈമാറ്റം നടത്തി വലപ്പാട്ടേക്ക് തിരിച്ചുപോയി. അന്ന് സ്കൂളിൽ ഉണ്ടായിരുന്ന അധ്യാപകർ വി.സി. ത്രേസ്യടീച്ചർ, പി.കെ. വസുമതി ടീച്ചർ, എ.എ കുഞ്ഞികോമുമാസ്റ്റർ, എന്നിവർക്കാണ് സ്കൂൾ കൈമാറ്റം ചെയ്തത്. ഇതോടെ എ.എം.ജി.എൽ.പി.സ്കൂൾ യൂണിയൻ യു.പി. സ്കൂൾ ആയി. 30 വർഷത്തോളം ത്രേസ്യ ടീച്ചർ പ്രധാന അധ്യാപികയും മാനേജരുമായിരുന്ന കാലഘട്ടത്തിൽ വിദ്യാലയത്തിന് വളരെയധികം വളർച്ചയുണ്ടായി. നാലാം ക്ലാസ്സ് വരെയുണ്ടായിരുന്ന സ്ഥാപനം പിന്നീട് 7-ാം ക്ലാസ്സ് വരെയുള്ള യു.പി. സ്കൂളായി ഉയർത്താൻ കഴിഞ്ഞത് ഇവരുടെയെല്ലാം അക്ഷീണ പരിശ്രമഫലമാണ്.

ശേഷം 1983 ൽ വി.ആർ ഔസേഫ് മാസ്റ്റർ സ്കൂളിന്റെ മാനേജർ സ്ഥാനം ഏറ്റെടുത്തു. സ്കൂളിന്റെ പുരോഗതിയിൽ വളരെയധികം പങ്കുവഹിക്കാൻ കഴിഞ്ഞ ഒരു വ്യക്തിയാണ് വി.ആർ. ഔസേഫ് മാസ്റ്റർ. സ്കൂളിന്റെ ഡിവിഷനുകൾ 36 വരെ ഉയർത്തിയത് ഇക്കാലത്താണ്.

കൊടുങ്ങല്ലൂരിൽ സാമൂഹ്യസേവനം നടത്തി വരുന്ന മൂവ്മെന്റ് ഓഫ് ഇസ്ലാമിക് ട്രസ്റ്റ് 2000-ൽ സ്കൂൾ ഏറ്റെടുക്കുകയും ട്രസ്റ്റ് ചെയർമാനായിരുന്ന ശ്രീ. കെ. സി. ഹൈദ്രോസ് സ്കൂൾ മാനേജരാവുകയും ചെയ്തു. അന്നുമുതൽ ഈ സ്കൂൾ എം.ഐ.ടി. യു.പി.സ്കൂൾ എന്ന പേരിൽ അറിയപ്പെട്ടു. ഇപ്പോഴത്തെ മാനേജർ ഇ. എ. മുഹമ്മദ് റഷീദ് മാസ്റ്ററും ഹെഡ്മാസ്റ്റർ കെ.എ. മുഹമ്മദ് റാഫി മാസ്റ്ററും ആണ്.

വിദ്യാർത്ഥികളുടെ കലാകായിക വിനോദങ്ങൾ, വൈജ്ഞാനിക മേഖലകൾ എന്നിവയുടെ വളർച്ചയ്ക്ക് ഓരോ അധ്യാപകനും പ്രയത്നിച്ചു കൊണ്ടിരിക്കുന്നതിനാലാണ് ഈ വിദ്യാലയം ഇന്നത്തെ നിലയിലേക്ക് ഉയർന്നത്. ഇപ്പോൾ മുപ്പത്തിമൂന്ന് ഡിവിഷനുകൾ ഉണ്ട്.

1992 ൽ സിൽവർ ജൂബിലിയും 1996 ൽ കൊടുങ്ങല്ലൂർ ഉപജില്ലാ യുവജനോത്സവവും 2018-19 ൽ പ്ലാറ്റിനെ ജൂബിലിയും 2024-ൽ 80-ാം വാർഷികവും സമുചിതമായി ആഘോഷിക്കാൻ കഴിഞ്ഞത് വലിയൊരു നേട്ടമായി കാണുന്നു. പി.ടി.എ. പ്രസിഡന്റായി ശ്രീമതി. ലെപ്സി ഫൈസൽ, എം.പി.ടി.എ പ്രസിഡന്റ് ശ്രീമതി. സ്മിജില എം.എസ് മറ്റു പിടിഎ എക്സിക്യൂട്ടീവ് അംഗങ്ങൾ, വാർഡ് മെമ്പർ മിനി പ്രദീപ്, പൂർവ്വ അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, നാട്ടുകാർ എന്നിവരുടെ കൂട്ടായ പിന്തുണയും സഹകരണങ്ങളിലും ഉപജില്ലയിലെ ഏറ്റവും കൂടുതൽ വിദ്യാത്ഥികൾ പഠിക്കുന്ന യു.പി. വിദ്യാലയമായി ഇന്നും തുടരുന്നു.

AnyScanner

## മലയാളം ക്ലാസ്-1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| മലയാളം<br>എല്ലാ കുട്ടികളേയും സ്വതന്ത്രവാ യനക്കാരാക്കുകയും ലഘുവാ ക്യങ്ങൾ എഴുതുന്നതിനും | * ഭാഷാകേളി<br>(ധാരാളം പദസമ്പത്ത് നേടു ന്നതിന്)<br>* വായനാകാർഡ്<br>* ചിത്രകഥ<br>* കഥാവേള<br>* സംയുക്തഡയറി<br>*രചനോത്സവം<br>*കുഞ്ഞുപുസ്തകം | ജൂൺ-മാർച്ച് | | | |
| ഗണിതം<br>ഒന്നുമുതൽ 100 വരെയുള്ള സംഖ്യകളുടെ സംഖ്യാബോധം വളർത്തൽ<br>രണ്ടക്ക സംഖ്യ വരെയുള്ള സംഖ്യകളുടെ സങ്കലന വ്യവക ലന ക്രിയകൾ ഉറപ്പാക്കൽ | * മഞ്ചാടി<br>* സംഖ്യാകാർഡ്<br>* ടെൻഫ്രെയിം | ജൂൺ-മാർച്ച് | | | |

AnyScanner

## ഇംഗ്ലീഷ് ക്ലാസ്-1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| English<br><br>To develope children communication skill and writting skill | * Short story and song presentation(tr). Also there is an opportunity to talk about the story.<br><br>* word games(one week one word)<br><br>* Picture Reading<br><br>* Word book<br><br>* Puzzles<br><br>* Short story telling<br><br>* Simple conversation (mother, teacher, family members, friends) | June-March | | | |

AnyScanner

# U P ARABIC

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| വാക്കുകളും വാക്യങ്ങളും | * വായനക്ലബും എഴുത്തും | ജൂൺ-മാർച്ച് | അധ്യാപകൻ |
| പഠനപുരോഗതി വിലയിരുക്കുക | * നിരന്തരമുല്യനിർണ്ണയം | വർഷം മുഴുവൻ | അധ്യാപകൻ |
| വായിക്കാനും എഴുതാനും പ്രാപ്തരാക്കൽ | * ഉച്ചാരണ ശുദ്ധി വളർത്തൽ<br>*ലേഖനത്തിൽ കൃത്യത വരുത്തൽ | സെപ്തംബർ | അധ്യാപകൻ |
| അടിസ്ഥാനപരമായ പദസമ്പത്ത് വർദ്ധിപ്പിക്കൽ | * ഡിക്ഷണറി തയ്യാറാക്കൽ | ഒക്ടോബർ-നവംബർ | അധ്യാപകൻ |
| പ്രാഥമിക നിയമങ്ങൾ പരിചയപ്പെടുത്തൽ | * അറബി വ്യാകരണകളികൾ | ഡിസംബർ-ജനുവരി | അധ്യാപകൻ |
| അറബി ഭാഷയോടുള്ള താല്പര്യം വർദ്ധിപ്പിക്കുക | * അറബിക് ദിനം/അറബിഫെസ്റ്റ് | ഫെബ്രുവരി-മാർച്ച് | അധ്യാപകൻ |
| നൂതന പഠനസാമഗ്രികൾ ഉപയോഗിച്ച് പഠനം അകർഷ.കമാക്കുക | * അസംബ്ലി<br>* ICT ഫലപ്രദമായി ഉപയോഗിക്കുക | വർഷം മുഴുവൻ | അധ്യാപകൻ |

AnyScanner

# L P ARABIC

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| അറബി അക്ഷരമാല പൂർണ്ണമായും പഠിക്കുകയും ശരിയായ ഉച്ചാരണശുദ്ധിയോടെ അക്ഷരങ്ങൾ ഉച്ചരിക്കുകയും ചെയ്യുക | * പാട്ടുകൾ, കളികൾ, ചിത്രങ്ങൾ എന്നിവ ഉപയോഗിക്കുന്നു. ഡിജിറ്റൽ ഉറവിടങ്ങൾ ഉപയോഗിക്കുന്നു. * ഡോട്ടീസ് ലൈനുകൾ ഉപയോഗിക്കുന്നു. | ജൂൺ- സെപ്തംബർ | അധ്യാപകൻ |
| ദൈനംദിനജീവിതത്തിൽ ഉപയോഗിക്കുന്ന അടിസ്ഥാന അറബി വാക്കുകളും ലളിതമായ സംഭാഷണങ്ങളും പഠിക്കുക. | *ചിത്രങ്ങളുമായി വാക്കുകൾ ബന്ധപ്പെടുത്തുന്നു. * അഭിനയവും സംഭാഷണവും | ഒക്ടോബർ- ഡിസംബർ | അധ്യാപകൻ |
| അറബിഭാഷയും സംസ്കാരവുമായി ബന്ധപ്പെട്ട അടിസ്ഥാനവിവരങ്ങൾ അറിയുക | * ദിനാചരണങ്ങൾ നടത്തുക. * അറബിക് ഫെസ്റ്റ് * അസംബ്ലി | ഡിസംബർ മാർച്ച് | അധ്യാപകൻ |
| കുട്ടികളുടെ പഠനപുരോഗതി കൃത്യമായി വിലയിരുത്തുകയും ആവശ്യമായ പിന്തുണ നൽകുകയും ചെയ്യുക | * നിരന്തരമൂല്യനിർണ്ണയം | വർഷം മുഴുവൻ | അധ്യാപകൻ |

AnyScanner

## SANSKRIT

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| 1. അക്ഷരം ഉറപ്പിയ്ക്കൽ | * അക്ഷരമാല പരിശീലനം | ജൂൺ- ജൂലൈ | അധ്യാപകൻ |
| 2. പദങ്ങളും വാചകങ്ങളും | * വായന, എഴുത്ത് | ഓഗസ്റ്റ് | അധ്യാപകൻ |
| 3. വായിക്കാനും എഴുതാനും പ്രാപ്തരാക്കൽ | * അക്ഷരസ്ഫുടത, ആശയവ്യക്തത | സെപ്തംബർ | അധ്യാപകൻ |
| 4. സംസ്കൃതഭാഷയുടെ താൽപര്യം വർദ്ധിപ്പിക്കുക | * സംസ്കൃത അസംബ്ലി ദിനാചരണങ്ങൾ | ഒക്ടോബർ-നവംബർ | അധ്യാപകൻ |
| 5. ലളിതമായ സംഭാഷണങ്ങൾ | * സംസ്കൃതത്തിൽ സംഭാഷണ ശിബിരങ്ങൾ | ഡിസംബർ-ജനുവരി | അധ്യാപകൻ |
| 6. നൂതനപഠനസാമഗ്രികൾ ഉപയോഗിച്ച് പഠനം ആകർഷകമാക്കുക | * ICT ഫലപ്രദമായി ഉപയോഗിക്കുക | വർഷം മുഴുവൻ | അധ്യാപകൻ |
| 7. നിരന്തരമൂല്യനിർണ്ണയം | * പഠനപുരോഗതി വിലയിരുത്തുന്നു. | ഫെബ്രുവരി-മാർച്ച് | അധ്യാപകൻ |

AnyScanner

# URDU

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| 1. കുട്ടികളിൽ അക്ഷരം ഉറപ്പിയ്ക്കൽ | * അക്ഷരമാല പരിശീലനം | ജൂൺ- ജൂലൈ | അധ്യാപിക |
| 2. വാക്കുകളും വാചകങ്ങളും കുട്ടികളിൽ എത്തിക്കൽ | * വായന, എഴുത്ത് | ജൂൺ -സെപ്തംബർ | അധ്യാപിക |
| 3. അക്ഷരം കൂട്ടിവായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കൽ | * കയ്യെഴുത്ത്, ഉച്ചാരണശുദ്ധിയോടുകൂടിയുള്ള വായന<br>* ICT യുടെ സഹായം ഉൾപ്പെടുത്തൽ | ആഗസ്റ്റ്-ഡിസംബർ | അധ്യാപിക |
| 4. ഉർദു ഭാഷയുടെ താൽപര്യം വർദ്ധിപ്പിക്കുക | * ഉർദുദിനം, ദിനാചരണപ്രവർത്തനങ്ങൾ, പഠനോത്സവം | വിവിധ ദിനാചരണങ്ങൾ | അധ്യാപിക |
| 5. സംഭാഷണം ചെയ്യാൻ അറിഞ്ഞിരിക്കൽ | * ലളിതമായ സംഭാഷണം ചെയ്യിപ്പിക്കൽ | നവംബർ-ജനുവരി | അധ്യാപിക |
| 6. പഠനനിലവാരം വിലയിരുത്തൽ, പൊതുവിജ്ഞാനം | * ടാലന്റ് മീറ്റ്, ക്വിസ് (ഏക്ദിൻ ഏക് സവാൻ) | | അധ്യാപിക |
| 7. ഏഴാം ക്ലാസ്സ് കഴിയുമ്പോൾ ഉർദു എഴുത്തും വായനയും എളുപ്പമാക്കൽ | * ആവർത്തനം<br>* മൂല്യനിർണ്ണയം | മാർച്ച് | അധ്യാപിക |

AnyScanner

# HINDI

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| 1. ഹിന്ദിഭാഷ ഇഷ്ടപ്പെടുന്നതിനും എളുപ്പമാക്കുന്നതിനും. ആശയവിനിമയത്തിനും ഭാഷ കൈകാര്യം ചെയ്യുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക | * പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങൾ, പദങ്ങൾ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും.<br>* വായനാ മത്സരങ്ങൾ<br>* കയ്യെഴുത്ത് മത്സരങ്ങൾ.<br>* അക്ഷരകാർഡ് തയ്യാറാക്കൽ. | ജൂൺ- ജൂലൈ<br><br>ഓഗസ്റ്റ് | അധ്യാപകർ |
| 2. കുട്ടികളെ അനായാസം പദങ്ങൾ ഉറപ്പിക്കുവാനും അതിലൂടെ തെറ്റുകൂടാതെ ഹിന്ദി വായിക്കാനും പ്രാപ്തരാക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാൻ ഭാഷ പരിചയപ്പെടുത്തും | * ചിഹ്നങ്ങൾ ഉറപ്പിച്ച് വാചകനിർമ്മാണം.<br>* നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കും.<br>* ICT യിലൂടെ കഥകളും സംഭാഷണങ്ങളും കാണിക്കുന്നു. ഇതിലൂടെ ആശയവിനിമയം വിപുലീകരിക്കുന്നു. കുട്ടികൾക്ക് സഹായകമാകുന്നു. | ഓഗസ്റ്റ്<br><br>സെപ്തംബർ | അധ്യാപകർ |

AnyScanner

# HINDI

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| 3. ദിനാചരണങ്ങളിലൂടെ കുട്ടികളിൽ അവബോധം വർദ്ധിപ്പിക്കുവാനും അതിലൂടെ അവരുടെ സർഗാത്മകശേഷി വർദ്ധിപ്പിക്കുവാനും പ്രാപ്തരാക്കുന്നു. | *അസംബ്ലി (ഹിന്ദി ദിവസ്)<br>*പോസ്റ്റർ നിർമ്മാണം,<br>* കൊളാഷ് | സെപ്തംബർ-ജനുവരി | അധ്യാപകർ |
| 4. ആശയം തെറ്റുകൂടാതെ പ്രകടിപ്പിക്കുവാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുള്ള അവസരം (സുരിലി ഹിന്ദി) | *ചിത്രസഹായത്തോടെ ചിത്രകഥ വായിപ്പിക്കൽ.<br>* കഥയെഴുതൽ<br>* കവിതാരചന<br>(ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ) | ജൂലായ്-മാർച്ച് | അധ്യാപകർ |

AnyScanner

## SCIENCE

| ലക്ഷ്യം | പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1. ശാസ്ത്രത്തെ അറിയാം<br>2. ശാസ്ത്രക്വിസ് | * മാസത്തിലൊരിക്കൽ നിത്യജീവിതവുമായി ബന്ധപ്പെട്ട ശാസ്ത്രപരീക്ഷണങ്ങളുടെ അവതരണം<br>* ശാസ്ത്രവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ തിങ്കൾ, വെള്ളി ദിവസങ്ങളിൽ പ്രദർശിപ്പിക്കുന്നു. അതേദിവസം തന്നെ ശരിയുത്തരംനൽകിയവരിൽ നിന്നും വിജയികളെ കണ്ടെത്തുന്നു. അസംബ്ലിയിൽ സമ്മാനം നൽകുന്നു. | കുട്ടികളിൽ ശാസ്ത്ര അവബോധവും താല്പര്യവും വളർത്തുക<br>ശാസ്ത്രാഭിരുചി വളർത്തൽ | അക്കാഡമിക വർഷം<br>അക്കാഡമിക വർഷം | ശാസ്ത്ര അധ്യാപകർ, കുട്ടികൾ<br>ശാസ്ത്ര അധ്യാപകർ |
| 3. സയൻസ് എക്സിബിഷൻ | * സ്കൂളിലെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തികൊണ്ട് ,മോഡലുകൾ, വർക്കിങ് മോഡൽ, ചാർട്ട് എന്നിവയുടെ പ്രദർശനം | ശാസ്ത്രാഭിരുചി വളർത്തൽ | സെപ്തംബർ | സയൻസ്ക്ലബ്, ശാസ്ത്ര അധ്യാപകർ |
| 4. കാർഷികം | * ഔഷധത്തോട്ട നിർമ്മാണം, ശലഭോദ്യാനം | ചുറ്റുപാടിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ജൂൺ - സെപ്തംബർ | സയൻസ്ടീച്ചർ സയൻസ്ക്ലബ്, കാർഷികക്ലബ്, എക്കോക്ലബ് |
| 5. അഭിമുഖം | * കൗമാരക്കാരിൽ പോഷകാഹാരങ്ങളുടെ പ്രാധാന്യം, വ്യക്തി ശുചിത്വം, എന്ന വിഷയത്തിൽ ഡോക്ടറുമായി അഭിമുഖം | കുട്ടികളിൽ ആരോഗ്യം വ്യക്തിശുചിത്വം എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കൽ | വർഷത്തിൽ ഒരുതവണ | സയൻസ്ക്ലബ ശാസ്ത്ര അധ്യാപകർ |

AnyScanner

## Social Science

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| * സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | * അടിസ്ഥാന അറിവുകൾ പരിശോധിക്കാൻ ചോദ്യാവലി നൽകുന്നു. ഭൂപ്രകൃതി, ഇന്ത്യ, കേരളം, ലോകം അടിസ്ഥാനവിവരങ്ങൾ | ജൂൺ | അധ്യാപകർ | 1 c t , M a p , Globe | Nil |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | * ചരിത്ര പ്രാധാന്യമുള്ള ചോദ്യങ്ങൾ എല്ലാദിവസവും ക്ലാസ്സിൽ പറയുന്നു. കുട്ടികളുടെ നിരീക്ഷണപുസ്തകത്തിൽ എഴുതുകയും പഠിക്കുകയും ചെയ്യുന്നു. ഓരോ മാസവും അതുമായി ബന്ധപ്പെട്ട ക്വിസ് കോമ്പറ്റീഷൻ നടത്തി സമ്മാനം കൊടുക്കുന്നു.<br>* ഫീൽഡ് ട്രിപ്പ് നടത്തുന്നു. | വർഷം മുഴുവൻ | അധ്യാപകർ | 1ct, പ്രാദേശിക ചരിത്ര സ്ഥലങ്ങൾ | Nil |
| ഭൂപട വായന കുട്ടികളിൽ വളർത്തുക. സ്ഥലം നിർണ്ണയം നടത്തുവാൻ പഠിക്കുക. എന്ന ലക്ഷ്യം കൈവരിക്കുക | * ഓരോ ആഴ്ചയിലും ഓരോ രാജ്യത്തെ പരിചയപ്പെടുന്നു. ഓരോ ദിവസവും കുട്ടികൾ ആ രാജ്യത്തെ പ്രത്യേകതകളെപ്പറ്റി നിരീക്ഷണ പുസ്തകത്തിൽ രേഖപ്പെടുത്തുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവയിൽ രാജ്യത്തെ പരിചയപ്പെടുന്നു. | ജൂൺ 15 ഫെബ്രുവരി | അധ്യാപകർ | 1 c t , M a p , Globe, Atlas | Nil |

## Social Science

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| "പഴയകാല ഉപകരണങ്ങൾ മനസ്സിലാക്കൽ, പുരാവസ്തു ഉപകരണങ്ങളുടെ ഉപയോഗവും" എന്ന തലക്കെട്ടിൽ രക്ഷിതാക്കൾക്ക് ഒരു പ്രദർശനം നടത്തുന്നത് വഴി ചരിത്രപ്രാധാന്യവും പുരാവസ്തുക്കളുടെ പ്രാധാന്യവും തിരിച്ചറിയുന്നു. | * ഓരോ രാജ്യത്തിന്റെയും വീഡിയോ പ്രദർശനം നടത്തുന്നു.<br>* ഭൂപടം നിറക്കൽ-ഓരോ ദിവസത്തെയും പ്രധാന പത്രവാർത്തകളിൽ ഉൾപ്പെട്ട രാജ്യങ്ങൾ ക്ലാസ്സിലെ മാപ്പിൽ അടയാളപ്പെടുത്തി വാർത്ത ഒട്ടിക്കുന്നു.<br>* എല്ലാ രക്ഷിതാക്കളെയും ഉൾപ്പെടുത്തി പുരാവസ്തുക്കളുടെ പ്രദർശനം ചെയ്യുന്നു. | നവംബർ | അധ്യാപകർ | | |
| ദിനാചരണങ്ങളിലൂടെ ദേശസ്നേഹം, മൂല്യബോധം വളർത്തുക | * വിവിധ ദിനാചരണങ്ങൾ,<br>* ലഹരി വിരുദ്ധ ദിനം, മനുഷ്യാവകാശദിനം എന്നിവ-ക്വിസ്<br>* റാലി | Second term | അധ്യാപകർ | | |
| ജനാധിപത്യത്തെപറ്റിയും തെരഞ്ഞെടുപ്പ് സംവിധാനത്തെപ്പറ്റിയും ബോധവാനാക്കുക | * Electronic voting machine election | First term<br>ആഗസ്റ്റ് | അധ്യാപകർ | | |

## യു പി ഗണിതം

നിലവിലെ പ്രശ്നം

നിത്യജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കുട്ടികൾ വളരെയധികം പ്രയാസം നേരിടുന്നു. അതിനാൽ കുട്ടികളുടെ അടിസ്ഥാന ഗണിതജ്ഞാനം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തെ മുൻനിർത്തി പ്രായോഗിക അനുഭവങ്ങളിലൂടെ പഠനം രസകരമാക്കുന്നു.

* കുട്ടികളിൽ ഗണിതാഭിമുഖ്യം വളർത്തുക
* ഗണിത പഠനത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് വൈവിധ്യമുള്ള പഠനപ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക.
* പ്രായോഗിക പ്രശ്നങ്ങൾക്ക് കൂടുതൽ ഊന്നൽ കൊടുക്കുക
* ക്രിയകൾ കൃത്യതയോടും സൂക്ഷ്മതയോടും ചെയ്യുന്നതിന് പ്രാപ്തരാക്കുക
* സ്വതന്ത്രമായി ചിന്തിക്കുന്ന കഴിവുകൾ വളർത്തുക

AnyScanner

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * അടിസ്ഥാനഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | * ഗണിതശിൽപ്പശാല<br>* കളിരീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മുത്തുകൾ, മഞ്ചാടി, ഫ്ളാഷ് കാർഡ് ............. .ഉപയോഗിക്കുന്നു) | ജൂൺ | അധ്യാപകർ | പി ടി എ |
| * ഗണിത നിഘണ്ടു | * പുതിയ പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് അറിയാവുന്ന ആശയങ്ങൾ ഉൾപ്പെടുത്തി നിഘണ്ടു നിർമ്മാണം | മൂന്ന് മാസത്തിൽ ഒന്ന് | കുട്ടികൾ | |
| * ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കൽ | * ഐ.ടി. സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലെയുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് കുട്ടികളിലേക്ക് എളുപ്പത്തിൽ എത്തിക്കാൻ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| * ഗണിതപ്രവർത്തനങ്ങൾ സുഖകരവും മധുരവുമാക്കൽ | * വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വെച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബിലെ അംഗങ്ങളും | ഗണിത ക്ലബ്<br>പി ടി എ |

AnyScanner

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ഗണിത കോർണർ | * ഗണിത കോർണറിൽ ആഴ്ചയിൽ ഒരു പസിൽ കൊടുത്ത് വിജയിയെ കണ്ടെത്തുന്നു | ആഴ്ചയിൽ ഒന്ന് | ഗണിത അധ്യാപകർ | |
| * ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | * ഗണിത ക്ലിനിക്ക്<br>* ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് മാർഗനിർദ്ദേശങ്ങൾ നൽകുന്നു. | ഗണിത പിരിയഡ് മാസത്തിൽ ഒന്ന് | ഗണിത അധ്യാപകർ | |
| * വിവിധ ശേഷികളുടെ വികസനം | * ദിനാചരണം<br>* ജൂൺ മുതൽ മാർച്ച് വരെദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾഡ S R G യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | S R G | |

AnyScanner

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * മുഴുവൻ കുട്ടികളും വായനയിലും എഴുത്തിലും മികവ് നേടുക | *വായനയിലും എഴുത്തിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.<br>* ക്ലാസ് അധ്യാപകർ വിവിധ വായനസാമഗ്രികൾ നൽകി കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു.<br>* കുട്ടികളുടെ ഗ്രേഡ് രേഖപ്പെടുത്തുന്നു.<br>* A+ കിട്ടിയ കുട്ടികളെ ക്ലാസ്സിൽ ആദരിക്കുന്നു ഫോട്ടോ ഗ്രൂപ്പിൽ അയയ്ക്കുന്നു | ജൂൺ മുതൽ സെപ്തംബർ വരെ | ക്ലാസ്സ് അധ്യാപകർ | |
| * കുട്ടികളിലെ സർഗാത്മക കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നു. | * ലൈബ്രറി പിരീഡുകളിൽ വ്യക്തിഗത വായനയ്ക്ക് അവസരം നൽകുന്നു<br>* കഥ, കവിത ICT ഉപയോഗപ്പെടുത്തി കേൾക്കാൻ അവസരം നൽകുന്നു | അക്കാദമിക വർഷം | അധ്യാപകർ | |
| * വിദ്യാരംഗം ക്ലബ് രൂപീകരണം | *ഓരോ ക്ലാസ്സിലേയും സർഗാത്മക കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി ക്ലബ് രൂപീകരിക്കുന്നു<br>*വായന മത്സരം(കുട്ടികൾ, രക്ഷിതാക്കൾ)<br>*സാഹിത്യ ക്വിസ് | ജൂൺ രണ്ടാമത്തെ ആഴ്ച<br>വായനവാരം | അധ്യാപകർ | |
| * രചനാശേഷി കുട്ടികളിൽ വളർത്തുന്നു | *വിഷയങ്ങൾ നൽകി കഥ, കവിത, ആസ്വാദനക്കുറിപ്പ് വർണന മുതലായ രചനകൾക്ക് അവസരം | ജൂലൈ | മലയാളം അധ്യാപകർ | |

SCAN AnyScanner

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * കയ്യെഴുത്ത് മാസിക തയ്യാറാക്കുന്നു. | * വിദ്യാലയത്തിലെയും ക്ലാസ്സ് തലത്തിലെയും മികച്ച രചനകൾ ഉൾപ്പെടുത്തി കയ്യെഴുത്ത് മാസിക രൂപപ്പെടുത്തുന്നു. | ജനുവരി ഫെബ്രുവരി | മലയാളം അധ്യാപകർ, കുട്ടികൾ | |
| * സവിശേഷതകൾ തിരിച്ചറിഞ്ഞ് രചനകളെ മികവുറ്റതാക്കുന്നതിന് | * ശിൽപ്പശാല സംഘടിപ്പിക്കുന്നു | ഒക്ടോബർ നവംബർ | അധ്യാപകർ | |
| * സർഗ്ഗശേഷി വളർത്തൽ | * കുട്ടികളുടെ ആകാശവാണി, പ്രധാന സംഭവങ്ങൾ വാർത്തയായി അവതരണം,<br>* കഥ പറയൽ, കവിതാലാപാനം<br>* നാടൻപാട്ട് അവതരണം<br>* പുസ്തകാസ്വാദനം, | ആഗസ്റ്റ്-മാർച്ച്<br><br>ആഗസ്റ്റ്-ഡിസംബർ | കുട്ടികൾ<br><br>IT Teacher<br>കുട്ടികൾ | |
| * മലയാളം ടൈപ്പിംഗ് പരിശീലനം | * റീഡിങ്ങ് കാർഡ് തയ്യാറാക്കൽ | | | |

AnyScanner

English

| Aim | Activities | Month | Responsebility | Ecocnomic source |
|---|---|---|---|---|
| To encourage listening and speaking | *Interactive storytelling sessions discussing themes, characters & enhance plots to listening skills | June-July | Teacher | |
| Introduce different genters (fiction-non fiction,poetry) enhance vocabulary | *Group discussions and role plays to improve speaking skills vocabulary games and exercise to build work knowledge<br>Interactive reading circles | August | Teacher | |
| To encourage reading-Develop basic reading, wriring, listening and speaking skills | *Devide students into small groups and provide them with age appropriate texts such as short stories or excerts from Novels<br>*Debate and presentations for advanced speaking practice<br>*Expanding vocabulary with context clues from passage | | Teacher | |
| To develope writing skills | *Improve sentence structure . Practice for simple creative writing tasks like descriptive paragraphs, short stories and simple poetry<br>*Preparing and delivering speeches. Listening to and analysing different media sources | September to December | Teacher | |

AnyScanner

English

| Aim | Activities | Month | Responsebility | Ecocnomic source |
|---|---|---|---|---|
| Expand vocabulary through reading and interactive activities | *Interactive grammer classes and games. structur grammer lessons with example and practice exercise | January-march | Teacher | |
| Language games and Puzzles | *Integrate language games & activities to reinforce vocabulary, grammer & language skills in an engaging way<br>*To create their own poems, stories ... and present in the class | Through out the year | Teacher | |

AnyScanner

## മലയാളം ക്ലാസ്-2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| ആശയാവതരണ ശേഷി<br>വായന-ലേഖനം | * ഭാഷണത്തിന് അവസരമൊരുക്കൽ<br>* വായനസാമഗ്രികൾ നിർമ്മിക്കൽ<br>* ചിത്രവിവരണം<br>* കഥയിൽനിന്ന് ചോദ്യങ്ങൾ നിർമ്മിക്കൽ<br>* വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ<br>* ക്ലാസ്സ്, ലൈബ്രറി, വീട് ലൈബ്രറി ശക്തമാക്കൽ | ജൂൺ - സെപ്തംബർ | അധ്യാപകർ | ഇല്ല |
| ലേഖനം | *ലഘുവിവരണം എഴുതുന്നതിനും വായിക്കുന്നതിനും അവസരമൊരുക്കൽ<br>*സ്വന്തം അനുഭവങ്ങൾ എഴുതാൻ അവസരം നൽകൽ<br>*വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ<br>*ഡയറി എഴുതൽ<br>*കവിതകൾ വരികൾ കൂട്ടിച്ചേർക്കൽ | ജൂൺ -ഒക്ടോബർ | CPTA<br>അധ്യാപകർ | ഇല്ല |
| സ്വതന്ത്ര രചന | *സ്വതന്ത്ര സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>*ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത<br>*ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും<br>*എഴുത്തിന്റെയും സാധ്യതകൾ ഉറപ്പാക്കുന്നു.<br>*സർഗാത്മക രചനകൾ വികസിപ്പിക്കാൻ വിവിധ തന്ത്രങ്ങൾ രൂപീകരിക്കുന്നു<br>*വ്യക്തിഗത മാഗസിൻ തയ്യാറാക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കൽ | സെപ്തംബർ-ഫെബ്രുവരി | CPTA<br>അധ്യാപകർ | ഇല്ല |

AnyScanner

English class-2

| Aim | Activities | Duration | Physical | Financial | Duty |
|---|---|---|---|---|---|
| Listening skill<br>Writing skill | * Games, action songs, Hello English activities<br>* To check the vocabulary<br>* Strong telling using I C T | June | Picture chart | | Teacher |
| Speaking skill | * Identifying the naming words from the picture<br>* Identifying the action words from picture.<br>* Make simple sentences description about the picture<br>* Growing sentences from the picture | July<br>August<br>September | ICT | | Teacher |
| Reading skill | * Book reading, Reading cards, Read simple stories, Findout missing words from the sentences, Library book reading | October<br>November<br>December | Reading cards<br>Library | | Teacher |
| Lack of communication | * opportunity to hear english news, English news reading, Role play, Coversations. | January | ICT<br>Newspaper | | Teacher |
| Writing skill | *Make word web, Picture description<br>* Word chain and conversation add more lines.<br>* Develop stories, notice thought, Diary writing | February<br>March | Picture chart<br>ICT | | Teacher |

AnyScanner

## ഗണിതം ക്ലാസ്-2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| * സംഖ്യാബോധം | * 50 വരെയുള്ള സംഖ്യകൾ എണ്ണൽ<br>* സംഖ്യകളെ ക്രമത്തിലെഴുതുന്നു<br>* സംഖ്യാകാർഡ് | ജൂൺ-ആഗസ്റ്റ് | | CPTA | NIL |
| *സ്ഥാനവില | * സംഖ്യാപോക്കറ്റ്<br>* സംഖ്യാകാർഡുകൾ<br>*അബാക്കസ് നിർമ്മാണം<br>*മഞ്ചാടിക്കുരു, ഈർക്കിൽ എന്നിവ ഉപയോഗിച്ച് സ്ഥാന വില ഉറപ്പിക്കൽ | സെപ്തംബർ നവംബർ | | CPTA | |
| * സങ്കലനം വ്യവകലനം | * രണ്ടക്കസംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ<br>* ഗണിത പസിൽസ്<br>* രണ്ടക്കസംഖ്യയിൽ നിന്നും ഒരക്കസംഖ്യയുടെ വ്യവകലനം, രണ്ടക്കസംഖ്യകൾ തമ്മിലുള്ള സങ്കലനം | ഡിസംബർ മാർച്ച് | | | NIL |

SCAN AnyScanner

## പരിസരപഠനം ക്ലാസ്-2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| * റോഡ് നിയമങ്ങൾ | * റോഡ് നിയമങ്ങളെക്കുറിച്ചുള്ള വീഡിയോ പ്രദർശനം<br>* റോഡ് നിയമങ്ങൾ ഉൾപ്പെടുന്ന കളികൾ<br>*സിഗ്നൽ പോസ്റ്റ് നിർമ്മാണം | ജൂൺ<br>സെപ്തംബർ | | CPTA | NIL |
| *ശുചിത്വബോധം | * ശുചിത്വസർവേകൾ<br>* ശുചിത്വവുമായി ബന്ധപ്പെട്ട പോസ്റ്റർ നിർമ്മാണം<br>* ആഴ്ചയിലൊരിക്കൽ വ്യക്തി ശുചിത്വ പരിശോധന | ഒക്ടോബർ<br>ഡിസംബർ | | CPTA | NIL |
| * ജലസ്രോതസ്സ് | *പദസൂര്യൻ<br>* പോസ്റ്റർ<br>* വിവരണം<br>* പട്ടികപ്പെടുത്തൽ<br>* ചിത്രശേഖരണം | ജനുവരി<br>മാർച്ച് | | | |

AnyScanner

# മലയാളം ക്ലാസ്-3

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| ഒഴുക്കോടെയുള്ള വായന | * വായനകാർഡ് വായന<br>* അപരിചിത പദങ്ങൾ, കഥകൾ, ഓഡിയോ<br>* സ്ട്രിപ്പ് വായന<br>* ചിത്രകഥ വായന<br>* റീഡേഴ്സ് തിയേറ്റർ<br>* പത്രവായന | ജൂൺ-<br>ജൂലായ് | വായനകാർഡ്<br>സ്ട്രിപ്പുകൾ<br>ലൈബ്രറി പുസ്തകങ്ങൾ | അധ്യാപിക<br>രക്ഷിതാക്കൾ | |
| | *വാർത്തകൾ കേൾക്കാനവസരം<br>*വാർത്താവതരണം<br>(പ്രഭാതസർഗ്ഗവേള)<br>*കുട്ടികളുടെ കഥാവതരണങ്ങൾ | ആഗസ്റ്റ് | മികച്ച വാർത്താവതരണ മാതൃകകൾ | | |
| | | സെപ്തംബർ | ചിത്രങ്ങൾ | അധ്യാപിക<br>രക്ഷിതാക്കൾ | |
| ലേഖനം | *സർഗാത്മക ഡയറി<br>*കഥാവികസനം<br>*രചനാപുസ്തകം<br>*വായനകാർഡ് നിർമ്മാണം<br>*ചിത്രകഥ നിർമ്മാണം<br>*പത്രവാർത്ത എഴുതൽ<br>* പോസ്റ്റർ നിർമ്മാണം<br>* ആശംസാകാർഡ് നിർമ്മാണം<br>*കൂട്ടുകാരിയ്ക്ക് കത്തെഴുതൽ | നവംബർ<br>ഡിസംബർ | പത്രകട്ടിംഗുകൾ | | |

AnyScanner

## മലയാളം ക്ലാസ്-3

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| കവിതകളും നാടൻപാട്ടുകളും അവതരണശേഷി | * നാടൻപാട്ടുശേഖരണം<br>* നാടൻപാട്ട് പതിപ്പ്<br>* വായ്ത്താരി കണ്ടെത്തൽ<br>* താളാവിഷ്ക്കാരം<br>* കവിതകൾ, നാടൻ പാട്ടുകൾ ഓഡിയോ<br>* ഭാവാത്മക അവതരണം | ജനുവരി | ഓഡിയോ | അധ്യാപിക | |
| സർഗാത്മക രചന | * കഥ പൂർത്തിയാക്കൽ<br>* കവിതാ രചന<br>* കടങ്കഥ നിർമ്മാണം<br>* അടികുറിപ്പ്<br>* വിവരണം എഴുതൽ<br>* പത്രവാർത്ത തയ്യാറാക്കൽ<br>* എന്റെ രചനകൾ(പതിപ്പ്) | ഫെബ്രുവരി<br>മാർച്ച് | | അധ്യാപിക<br>അധ്യാപിക | |

AnyScanner

English-3

| Aim | Activities | Duration | Physical | support | Financial |
|---|---|---|---|---|---|
| To achieve communication skill | * Self Introduction<br>* Job Game<br>* Classroom Instructions<br>* Using ICT introduce simple dialogue Conversation | June<br>July | | Teacher | |
| Description<br>Write description | * Word sun<br>* Make simple sentences related the picture<br>*Re-arrange the sentences<br>* Using ICT<br>* Write description | August<br>September | ICT<br>Card<br>Picture | Teacher | |
| To develop the ability of speaking and writing | * Book reading<br>* Find reading<br>* Rhyming words<br>* Word Chain<br>* Riddles<br>* Add more lines<br>* Conversations<br>* English Diary<br>* Write simple sentences about the feelings. Create situations in the class | October<br>November | | | |

AnyScanner

English-3

| Aim | Activities | Duration | Physical | support | Financial |
|---|---|---|---|---|---|
| Introducing Puzzles | Fill Bubbles<br>(TB Activity)<br><br>* Film Name-Game<br>* Film Song -Game<br>* Find the Filmstar<br>* Complete the Puzzle<br>* Missing letter Puzzle<br>* Jumbled word puzzle<br>* Word Ladder | December<br>January | | Teacher | |
| Story Writing | * Arrange the Picture in order<br>* Make sentences<br>* Title the Story<br>* Story started<br>* Draw and write story | February<br>March | | Teacher<br>Parent | |

AnyScanner

## പരിസരപഠനം ക്ലാസ്-3

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| * പരിസ്ഥിതി അവബോധം വളർത്തുക | * പ്രകൃതി<br>* മഴയ്ക്കു മുമ്പും ശേഷവും പ്രകൃതി നിരീക്ഷണം<br>* മഴക്കെടുതികൾ-പതിപ്പ്<br>* ഇല ആൽബം, ഇല ചിത്രം<br>* ഇല പ്രിന്റ്<br>* ക്ലാസ്സിനൊരു പൂന്തോട്ടം<br>* പരിസ്ഥിതി സന്ദേശം ഉൾക്കൊള്ളുന്ന റീലുകൾ | ജൂൺ<br>ജൂലൈ | | അധ്യാപകർ<br>രക്ഷിതാക്കൾ | |
| *ശാസ്ത്രവ ബോധം വളർത്തുന്നു | * കണ്ടെത്താം, അറിയാം<br>* ലഘുപരീക്ഷണങ്ങൾ<br>* ശാസ്ത്രകഥകൾ<br>* ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ<br>* പരീക്ഷണകുറിപ്പ് തയ്യാറാക്കൽ<br>* ശാസ്ത്ര പതിപ്പ് | | | അധ്യാപകർ<br>രക്ഷിതാക്കൾ | |
| * ചുറ്റുപാടുമുള്ള ജീവികളെ നിരീക്ഷിക്കൽ<br>തരം തിരിക്കൽ | * വളർത്തുമൃഗങ്ങൾ-നിരീക്ഷണം<br>* ജീവി ആൽബം<br>* ICT സാധ്യത പ്രയോജനപ്പെടുത്തി ജീവികളെ പരിചയപ്പെടുത്തുന്നു | ഒക്ടോബർ<br>നവംബർ | | അധ്യാപകർ<br>രക്ഷിതാക്കൾ | |

AnyScanner

## പരിസരപഠനം ക്ലാസ്-3

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| * വ്യക്തിശുചിത്വം | * ജീവികളെ കുറിച്ച് കുറിപ്പ് തയ്യാറാക്കൽ<br>* ജീവികൾക്കൊരു തിരിച്ചറിയൽ കാർഡ്<br>* ശുചിത്വകാർഡ്<br>* ആരോഗ്യകാർഡ്<br>* വ്യക്തിശുചിത്വ പ്രാധാന്യം ICT<br>* രോഗങ്ങൾ<br>* കൈകഴുകൽ, പല്ലുതേപ്പ് ICT | ഡിസംബർ<br>ജനുവരി | | അധ്യാപകർ<br>രക്ഷിതാക്കൾ | |
| * മാലിന്യസംസ്ക്കരകണം | * ജൈവ, അജൈവ മാലിന്യങ്ങൾ തിരിച്ചറിയൽ<br>* തരം തരിരിക്കൽ സംസ്ക്കരണം<br>* പോസ്റ്റർ തയ്യാറാക്കൽ<br>* ഹരിതകർമ്മസേന-അഭിമുഖം<br>* വിമല വിദ്യാലയം | ഫെബ്രുവരി<br>മാർച്ച് | | അധ്യാപകർ<br>രക്ഷിതാക്കൾ<br>ഹരിതകർമ്മ സേനാംഗങ്ങൾ | |

AnyScanner

## ഗണിതം ക്ലാസ്-3

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| *ജ്യാമിതീയ സൗന്ദര്യം | * രൂപങ്ങൾ നിർമ്മിക്കൽ<br>* ഒറിഗാമി<br>* വെജിറ്റബിൾ പ്രിന്റിംഗ്<br>* ഈർക്കിൽ രൂപങ്ങൾ<br>* ടാൻഗ്രാം നിർമ്മാണം | ജൂൺ | | രക്ഷിതാക്കൾ<br>അധ്യാപകർ | |
| * സംഖ്യാവ്യാഖ്യാനം | * സ്ഥാനവില തിരിച്ചറിയൽ<br>* സ്ഥാനവില പോക്കറ്റ്<br>* സംഖ്യാ റിബ്ബൺ<br>* ഗണിത ടി വി<br>* സംഖ്യാകാർഡ്<br>* അബാക്കസ്<br>* സ്ട്രിപ്പ്<br>* സംഖ്യാവിഭജനം<br>* സംഖ്യാ നിർമ്മാണക്കളി | ജൂലൈ<br>ഓഗസ്റ്റ് | | അധ്യാപകർ | |
| * സങ്കലനം, വ്യവകലനം | * ഗണിത പസിലുകൾ<br>* ഗണിത കളികൾ<br>* ഗണിത ബുള്ളറ്റിൻ ബോർഡ്<br>* ഗണിത സഞ്ചി<br>* ഗണിത ഗാനങ്ങൾ<br>* പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു | സെപ്തംബർ<br>ഓക്ടോബർ<br>നവംബർ | | | |

SCAN AnyScanner

## ഗണിതം ക്ലാസ്-3

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| *ഗുണനം, ഹരണം | * ഗുണന വസ്തുത കാർഡ്<br>* ടോക്കണുകൾ ഉപയോഗിച്ചുള്ള പ്രവർത്തനം<br>* ഗുണന ഹരണ വസ്തുക്കൾ രൂപീകരിക്കൽ<br>* ഡൈസ് ഗെയിം<br>* കുരുന്ന് ക്വിസ്<br>* നിറം നൽകൽ<br>* Matching game | ഡിസംബർ<br>ജനുവരി<br>മാർച്ച് | | | |

AnyScanner

## മലയാളം ക്ലാസ്-4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| *ഒഴുക്കോടുകൂടി ഭാവാത്മകമായി തെറ്റില്ലാതെ ആശയം ഗ്രഹിച്ചുള്ള വായന പരിപോഷിപ്പിക്കൽ | * ലൈബ്രറി ബുക്ക്-വായന<br>* ക്ലാസ് വായനാകൂട്ടം<br>* വായനാകാർഡ് വായന (ICT ഉപയോഗിച്ച്)<br>* കുഞ്ഞുവായന (പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക്)<br>* പത്രവായന<br>* വായനാ മത്സരം | ആഴ്ചയിൽ ദിവസവും<br>"<br>"<br>"<br>ആഗസ്റ്റ്, ഡിസംബർ, ഫെബ്രുവരി മാസങ്ങളിൽ | Class Teacher<br>"<br>Class teacher<br>Parents<br>S R G | |
| * എല്ലാ കുട്ടികളേയും അർത്ഥപൂർണമായി വാക്യങ്ങൾ എഴുതുന്നതിന് പ്രാപ്തരാക്കുക | * വായനാക്കുറിപ്പ് തയ്യാറാക്കൽ<br>* സർഗാത്മക ഡയറി<br>* ക്ലാസ്തല പതിപ്പുകൾ | ജൂൺ-ആഗസ്റ്റ്<br>സെപ്തംബർ-ഡിസംബർ | S R G | |
| * കുട്ടികൾക്ക് സർഗാത്മക രചനക്കുള്ള അവസരം ഒരുക്കൽ | * കുട്ടികളുടെ രചനകൾ ചേർന്ന് ക്ലാസ്തല മാഗസിൻ തയ്യാറാക്കൽ | ജനുവരി | | |

AnyScanner

English-4

| Aim | Activities | Duration | support | Financial |
|---|---|---|---|---|
| To improve communication skill | * Games<br>* Short videos<br>* Action songs<br>* Hello English activities<br>* Conversations<br>* Skit Stories<br>* Picture reading<br>* Growing sentences<br>* Picture description<br>* Self Introduction | June<br>December | Teacher | |
| Empowerment of reading skill | * Text book reading<br>* Wrong wrong reading<br>* Chain reading<br>* Reading cards<br>* Write description | June-March | Teacher | |
| Empowerment of writing skill | * Picture description<br>* Diary writing<br>* Discussions<br>* Word chain, Sentences chain<br>* Add more lines | June-March | Teacher | |

AnyScanner

## പരിസരപഠനം ക്ലാസ്-4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * നിരീക്ഷണം - അറിവ് നിർമ്മാണം | * പാഠഭാഗവുമായി ബന്ധപ്പെട്ട് ശംഖുകുളങ്ങര കാവിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.<br>* ആവാസവ്യവസ്ഥ നേരിട്ട് കണ്ട് മനസ്സിലാക്കുന്നു | ആഗസ്റ്റ് / സെപ്തംബർ | S R G | S R G |
| * ശാസ്ത്രാവബോധം വളർത്തുക | * ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ<br>* എല്ലാ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങളിൽ ഏർപ്പെടാൻ ചുറ്റുപാടിൽ നിന്ന് ലഭ്യമായ വസ്തുക്കൾ ശേഖരിച്ച് ശാസ്ത്രകിറ്റ് ഉപയോഗപ്പെടുത്തുന്നു. | ഫെബ്രുവരി-മാർച്ച് | | |
| * ശാസ്ത്രപഠനം രസകരമാക്കൽ | * ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട് വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ<br>(ICT ഉപയോഗിച്ച്) | വർഷം മുഴുവൻ | | |

AnyScanner

## ഗണിതം ക്ലാസ്-4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ഗണിതപഠനം രസകരമാക്കൽ | * ജ്യാമിതീയ രൂപങ്ങൾ ഉൾപ്പെടുന്ന ചിത്രങ്ങൾ വരക്കുന്നു, നിർമ്മിക്കുന്നു.<br>* Tangram ചിത്ര നിർമ്മാണം<br>* Cube നിർമ്മാണം | ജൂൺ-ജൂലൈ | അധ്യാപകർ<br>രക്ഷിതാവ് | |
| * നാലക്കസംഖ്യകളെ കുറിച്ചുള്ള സംഖ്യാബോധം | * യൂണിറ്റുമായി ബന്ധപ്പെട്ട ഗണിതോപകരണങ്ങൾ ഉൾപ്പെടുത്തി ഗണിതകിറ്റ് ഒരുക്കൽ<br>* അബാക്കസ്, അരവിന്ദ് ഗുപ്ത് സ്ട്രിപ്പ്, സംഖ്യാകാർഡ് എന്നിവയുടെ സഹായത്തോടെ നാലക്കസംഖ്യകൾ ഉറപ്പിക്കുന്നു.<br>* സംഖ്യാകാർഡുകൾ ഉപയോഗിച്ച് വിവിധ ഗണിത കേളികൾ സംഘടിപ്പിക്കുന്നു. | ജൂലൈ-ആഗസ്റ്റ് | അധ്യാപകർ | |
| * അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക | * ഗണിത കിറ്റ് ഉപയോഗപ്പെടുത്തിയുള്ള ഗണിതപഠനം<br>* കളിനോട്ട് ഉപയോഗിച്ചുള്ള സങ്കലന, വ്യവകലന പ്രവർത്തനങ്ങൾ<br>* ഗണിതപസിലുകൾ | ജൂൺ-ഫെബ്രുവരി | അധ്യാപകർ | |

AnyScanner